സ്പെഷ്യലിസ്റ്റുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികൾ

* 130 [132] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് എത്ര സ്പെഷ്യലിസ്റ്റുകളാണ് വേണ്ടത്? അവ ഏതൊക്കെയാണ്;

(ബി) അതില്ലാത്ത താലൂക്കാശുപത്രികൾ ഏതെല്ലാം;

(സി) അത്തരം ആശുപത്രികളിൽ ഈ സംവിധാനം എന്നത്തേക്ക് ഉണ്ടാക്കുവാൻ കഴിയും?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) പൈക്കമ്മിറ്റി ശുപാർശകൾ പ്രകാരം താലൂക്ക് ആശുപത്രികളിൽ താഴെ പറയുന്ന സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കേണ്ടതാണ്:

മെഡിക്കൽ, സർജിക്കൽ, ഒബ്സ്ടെട്രിക്സ് ആൻഡ് ഗൈനക്കോളജി, ശിശുചികിൽസാവിഭാഗം, ഓർത്തോപീഡിക്സ്, ഡെന്റൽ, ഇ.എൻ.ടി. നേത്രരോഗവിഭാഗം, സ്കിൻ ആൻഡ് വി. ഡി., സൈക്കിയാട്രി, അത്യാഹിതവിഭാഗം.

(ബി) സംസ്ഥാനത്തെ 45 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ആറെണ്ണം (6) ഒഴികെ, മറെല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഉണ്ട്. ചെങ്ങന്നൂർ, നെടുങ്കണ്ടം, അടിമാലി, കൊച്ചി, സുൽത്താൻബത്തേരി, കാസർക്കോട് എന്നീ ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഇല്ലാത്തത്.

(സി) സ്പെഷ്യാലിറ്റിയൂണിറ്റുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ അവ ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്.

വെളിച്ചെണ്ണ ഇറക്കുമതി

* 131 [133] ശ്രീ. പി. സി. ജോർജ്ജ്,
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വൻതോതിൽ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ബി) കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതിനയം കേരളത്തിന് ദോഷകരമാണെന്നവിവരം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഈ വർഷം വൻതോതിൽ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) കൊപ്രയോ വെളിച്ചെണ്ണയോ ഇറക്കുമതി ചെയ്യരുതെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ഇവ രണ്ടും ആസന്നഭാവിയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്ന് കേന്ദ്രഗവൺമെന്റിൽനിന്നും രേഖാമൂലം ഉറപ്പുലഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly